# ജ്ഞാനപ്പാനയിലെ ജീവിതദർശനം (മൂന്നാം ഭാഗം)

വാസുദേവ് പുളിക്കൽ

പ്രപഞ്ചം, ഈശരൻ, ആത്മാവ് എന്നീ വിഷയങ്ങളെ കുറിച്ചുള്ള അന്വേഷണത്തിൽ ഭാരതീയ ഋഷിമാർ വിവിധ ദർശനങ്ങൾ രൂപപ്പെടുത്തിയിട്ടുണ്ട്. തികച്ചും താത്വികമായ ഈ ദർശനങ്ങൾക്ക് ഉപരിയായിരിക്കുന്നത് ജീവിതദർശനമാണെന്ന പക്ഷക്കാർ നിരവധിയുണ്ടാകാം. നമ്മുടെ ആന്തിരികഭാവങ്ങളെ സൂക്ഷ്മമായി വിചാരം ചെയ്ത് നിർണ്ണയച്ച ശാസ്ത്രമെന്ന് ദർശനത്തിന് ഒരു നിർവ്വചനമുണ്ട്. അപ്പോൾ ജീവിതദർശനത്തിന് ജീവിതശാസ്ത്രം എന്ന് അർത്ഥം കൽപിക്കാം. ജീവിതം ഭൗതികതയെയോ  അല്ലെങ്കിൽ ആദ്ധ്യാത്മികതയെയോ അടിസ്ഥാനമാക്കി ആയിരിക്കണമെന്ന് തീരുമാനിക്കാൻ ഏവർക്കും അവകാശമുണ്ട്. ഭൗതികതയേയും ആദ്ധ്യാത്മികതയേയും തോളോടുതോൾ ചേർത്ത് നിർത്തണമെന്ന് ചിന്തിക്കുന്നവരുമുണ്ട്. നമ്മുടെ വിദ്യാഭ്യാസം തന്നെ ഈ തീരുമാനത്തിന് അനുസൃതമായിരിക്കും. പഠിച്ച് ജോലി സമ്പാദിച്ച് ജീവിതസൗകര്യങ്ങൾ മെച്ചപ്പെടുടുത്തുന്നതിനു വേണ്ടിയാണ് ഉന്നത വിദ്യഭ്യാസം നേടുന്നത് എന്നു മാത്രം ധരിച്ചു വെച്ചിരിക്കുന്നവർ ആത്മവിദ്യയാണ് അതിനേക്കാൾ പ്രാധാന്യമെന്നു മനസ്സിലാക്കുന്നില്ല. ഭൗതികതയുടെ നശ്വരതയും ആദ്ധ്യാത്മികതയുടെ  അനശ്വരതയും തിരിച്ചറിയുന്നവർ അവരുടെ ജീവിതസരണി ആദ്ധ്യാത്മികതയിലേക്ക് തിരിച്ചു വിടാനാണ് സാധ്യത. ഇത്തരക്കാരുടെ ജീവിതം ആദ്ധ്യാത്മികതയുടെ പവിത്രതകൊണ്ട് പൂരിതമായിരിക്കും. ജീവിതം ഭൗതികമോ ആദ്ധ്യാത്മികമോ ആയിരുന്നാലും നമുക്ക് അഹിതമായിട്ടുള്ളതൊന്നും നമ്മൾ ചെയ്യാതിരിക്കുന്നതു പോലെ, മറ്റുള്ളവർക്ക് ഹാനികരമായ കാര്യങ്ങൾ ചെയ്യാതിരിക്കുക. സ്വന്തം ജീവിതം സുഖപ്രദമാക്കുന്നതിനപ്പുറം ചിന്തയില്ലാത്തവർ ആത്മസുഖത്തിനുവേണ്ടി ചെയ്യുന്ന പ്രവൃത്തികൾ അപരന്റെ സൗഖ്യം കൂടി മുന്നിൽക്കണ്ടുകൊണ്ടായിരിക്കുകയില്ല എന്നു മാത്രമല്ല ചിലപ്പോൾ മറ്റുള്ളവരെ വേദനിപ്പിക്കുന്ന വിധത്തിലുമായിരിക്കും. ഇങ്ങനെയുള്ളവരുടെ ജീവിതദർശനം സങ്കുചിതവും യാതൊരു മഹത്വവും ഇല്ലാത്തതായിരിക്കും, മനുഷ്യനെ വേർതിരിച്ച് കാണുന്നതുകൊണ്ടുണ്ടാകുന്ന അപാകതയാണിത്. രണ്ടില്ല, ഒന്നേ ഉള്ളൂ എന്ന് ഉൽഘോഷിക്കുന്ന അദ്വൈതചിന്തയിലേക്ക് ഉയർന്നു ചെല്ലുന്നതായിരിക്കണം ജീവിതദർശനം. അത് സദാചാരത്തിൽ അധിഷ്ടിതമായിരിക്കണം. ന്യായമായ പെരുമാറ്റച്ചട്ടങ്ങളും നടപടികളുമാണ് സദാചാരശാസ്ത്രം അനുശാസിക്കുന്നത്. പരസ്പര സ്നേഹത്തോടും പരിഗണനയോടും വർത്തിക്കേണ്ട രീതി സദാചാരശാസ്ത്രം പഠിപ്പിക്കുന്നു. സദാചാരത്തിൽ നിന്ന് ധർമ്മമുണ്ടാകുന്നു, ധർമ്മനിഷ്ഠകൊണ്ട് ഈശ്വരനിലേക്ക് അടുക്കുന്നു എന്നു മാത്രമല്ല, അത് ഐശ്വര്യവും സത്ക്കീർത്തിയും വർദ്ധിപ്പിക്കുന്നു. ഇന്നത്തെ സമൂഹത്തെ ശ്രദ്ധിച്ചാൽ സാധാരണക്കാർ മുതൽ പള്ളിമേടകളിലെ പുരോഹിതന്മാരും കൊട്ടാരസമാനമായ അരമനകളിലെ മെത്രാന്മാരും പവിത്രമെന്നു തെറ്റിദ്ധരിപ്പിക്കുന്ന ആശ്രമങ്ങളിലെ കപടസന്യാസിമാരും സദാചാരത്തിൽ നിന്ന് വ്യതിചചലിച്ച് സ്ത്രീകളെ മാനഭംഗപ്പെടുത്തുന്ന ഞെട്ടിപ്പിക്കുന്ന വാർത്തൾ കേൾക്കാം. മകളെ പീഡിപ്പിക്കുന്ന പിതാവിനും ന്യായീകരണങ്ങൾ ഉണ്ടാകുമ്പോൾ വമ്പന്മാരുടെ കാര്യം പറയേണ്ടതില്ല. സ്ത്രീയുടെ സമ്മതമാണ് പീഡനത്തിനു വഴിയൊരുക്കിയതെന്നും സ്ത്രീപീഡനം തെളിയിക്കണമെങ്കിൽ ദൃക്സാക്ഷികൾ വേണമെന്നുമുള്ള അബദ്ധജഡിലമായ വാദവുമായി മുന്നോട്ടു വരുന്നവരേക്കാൾ വലിയ സാമൂഹ്യ ദ്രോഹികളും സദാചാരവിരുദ്ധരുമില്ല. ഭാരതീയ സംസ്കൃതിക്ക് കളങ്കം ചാർത്തുന്നവർ അവരുടെ ജീവിത ദർശനം ശ്രദ്ധയോടെ ചിട്ടപ്പെടുത്തി പോരായ്മകൾ പരിഹരിച്ച് സാംസ്കാരികമായി ഉയർന്നു വരേണ്ടതിനെപറ്റി ചിന്തിക്കേണ്ടതാണ്'.

ജീവിതദർശനത്തിൽ നിന്ന് വഴുതിപ്പോകുന്നവരേയും ജീവിതദർശനം മഹത്വപ്പെടുത്തുന്നവരേയും പൂന്താനം ജ്ഞാനപ്പാനയിൽ അവതരിപ്പിക്കുന്നു.

കണ്ടാലൊട്ടറിയുന്നിതു ചിലരിതു
കണ്ടാലും തിരിയാ ചിലർക്കേതുമേ
കണ്ടതൊന്നുമേ സത്യമല്ലെന്നത്
മുമ്പേ കണ്ടിട്ടറിയുന്നിതു ചിലർ
മനുജാതിയിൽ തന്നെ പലവിവിധം
മനസ്സിനു വിശേഷമുണ്ടോർക്കണണം

'ബ്രഹ്മസത്യം, ജഗന്മിഥ്യാ' എന്ന് മനസ്സിലാക്കാതെ പ്രപഞ്ചത്തെ ആശ്ചര്യത്തോടെ നോക്കിനിൽക്കുന്നവരും കണ്ടാലും തിരിച്ചറിയാത്തവരും അവരുടെ മാനസികാവസ്ഥയനുസരിച്ച് ജീവിതംദർശനം ചിട്ടപ്പെടുത്തുമ്പോൾ അവർ എവിടേയും എത്തുന്നില്ല. ഈ കാണുന്നതൊന്നും സത്യമല്ലെന്നും അവയെല്ലാം ഈശ്വരന്റെ മായാവിലാസങ്ങളാണെന്നും താൻ ഈശ്വരാംശമാണെന്ന് തിരിച്ചറിയുകയും ചെയ്യുന്നവർ പരമാനന്ദം നൽകുന്ന ആദ്ധ്യാത്മിക ദർശനത്തിലേക്ക് മനസ്സിനെ തിരിച്ചു വെച്ച് ആത്മൈക്യത്തിന് (ജീവാത്മാവും പരമാത്മാവും തമ്മിലുള്ള സംയോഗം) വേണ്ടി  പരിശ്രമിച്ചു കൊണ്ടിരിക്കുകയും ചെയ്യും. അതിന് ആത്മവിദ്യ അനുപേക്ഷണീയമാണ്. ഭഗവത്ഗീതയിൽ പറയുന്നു,

ആശ്ചര്യവൽപശ്യതി കശ്ചിദേന-
മാശ്ചര്യവദ്വദതി തഥൈവ ചാന്യ:
ആശ്ചര്യവച്ചൈനമന്യഃ ശ്രണോതി
ശ്രുത്വാപ്യേനം വേദ ന ചൈവ കശ്ചിൽ 2..29

ഇങ്ങനെ കേൾക്കുന്നവരും കാണുന്നവരും പറയുന്നവരും ആശ്ചര്യപ്പെടുന്നവരും ആരും തന്നെ ആത്മാവിനെ സൂക്ഷ്മമായി അറിയുന്നില്ല. അവർക്ക് ഈശ്വരനുമായുള്ള യഥാർത്ഥ ബന്ധം തിരിച്ചറിയാനോ ശ്രേഷ്ഠമായൊരു ജീവിതദർശനം കരുപ്പിടിപ്പിക്കാനൊ സാധിച്ചെന്നു വരില്ല. ആത്മാവിനെ അറിയേണ്ടത് ജീവിതത്തിൻെറ അഭ്യുന്നതിക്ക് അനിവാര്യമാണ്.

യസ്ത്വാമരതിരേവ സ്യാ-
ദാത്മതൃപ്പശ്ച മാനവ
ആത്മന്യേവ ച സന്തുഷ്ട-
സ്തസ്യ കാര്യം ന വിദ്യതേ. (ഗീത 3-17)

ആനന്ദസ്വരൂപവും അദ്വതീയവുമായിരിക്കുന്ന പരബ്രഹ്മത്തിൽ അന്തക്കരണത്തെ രമിപ്പിക്കുന്നവർക്ക് മറ്റൊന്നും തന്നെ ചെയ്യേണ്ടതായിട്ടില്ല. ജീവാത്മാക്കൾ ഒരേ പരമാത്മാവിൻെറ തന്നെ അംശമാണെന്ന തിരിച്ചറിവ് ഭേദചിന്തകളില്ലാതെയും അസൂയയും കുശുമ്പുമൊന്നുമില്ലാതേയും സമത്വബോധത്തിലേക്ക് മനുഷ്യരെ നയിക്കുന്നു. അപ്പോൾ അവർക്ക് മഹദ്വചനങ്ങൾ ഉൾക്കൊള്ളാനും പരസ്പരം സ്നേഹിക്കാനും കഴിയും. സമൂഹത്തെ സൂക്ഷ്മമായി നിരീക്ഷിച്ച് ഒരു കൂട്ടം അഹങ്കാരികളെ പൂന്താനം അവതരിപ്പിക്കുന്നു. ബ്രാഹ്മണനായ പൂന്താനം ബ്രാഹ്മണ വർഗ്ഗത്തെ പരിഹസിക്കാനും മടി കാണിക്കുന്നില്ല.

വന്ദിതന്മാരെ കാണുന്ന നേരത്ത്
നിന്ദിച്ചത്രെ പറയുന്നിതു ചിലർ
കാൺക നമ്മുടെ സംസാരംകൊണ്ടത്രേ
വിശ്വമീവണ്ണം നിൽപ്പുവെന്നും ചിലർ
ബ്രാഹ്മണ്യം കൊണ്ടു കുന്തിച്ചു കുന്തിച്ചു
ബ്രഹ്മാവുമെനിക്കൊക്കയെന്നും ചിലർ

വന്ദിക്കേണ്ടവരെ നിന്നിക്കുകയും ലോകം തന്നെ നിലനിൽക്കുകയും ചെയ്യുന്നത് തൻെറ സാമർത്ഥ്യം കൊണ്ടാണെന്ന് വീമ്പു പറയുകയും ബഹ്മാവിനേക്കാൽ ബ്രാഹ്മണ്യം തങ്ങൾക്കാണെന്ന് അഹങ്കരിക്കുകയും ചെയ്യുന്നവർ ജീവിതദർശനത്തിൽ നിന്ന് സ്ഥാനഭ്രംശം സംഭിവിച്ചവരാണ്. അഹന്തയുടെ മൂർത്തീഭാവമയ ഇക്കൂട്ടർക്ക് പരിപക്വമായ ജീവിതദർശനത്തിലേക്ക് തിരിച്ചു വരാൻ ഏറെ പണിപ്പെടേണ്ടി വരും

ധനവാഞ്ചയുള്ള മനുഷ്യരുടെ വകതിരിവില്ലായ്മയേയും പുന്താനം നിശിതമായി വിമർശിക്കുന്നു,

സ്വർണ്ണങ്ങൾ നവരത്നങ്ങളെക്കൊണ്ടും
എണ്ണം കൂടാതെ വിൽക്കുന്നിതു ചിലർ
വൃത്തികെട്ടു ധൂർത്തരായെപ്പൊഴും
അർത്ഥത്തെക്കൊതിച്ചേത്ര നശിക്കുന്നു
അർത്ഥമെത്ര വളരെയുണ്ടായാലും
തൃപ്തിയാകാ മനസ്സിനൊരുകാലം
ചത്തുപാം നേരം വസ്ത്രമതുപോലു-
മെത്തിടാ കൊണ്ടുപോകാനൊരുത്തർക്കും
പശ്ത്താപമൊരില്ളോളമില്ലാതെ
വിശ്വാസപാതകത്തെ കരുതുന്നു

യാതൊരു മനസ്സാക്ഷിക്കുത്തുമില്ലാതെ വിശ്വാസവഞ്ചന ചെയ്യും മറ്റും ധനം സമാഹരിക്കാൻ ശ്രമിക്കുന്നവരുടെ മുഖചരായ ചിത്രീകരിക്കുകയാണ് പൂന്താനം. സ്വന്തം നേട്ടങ്ങളും ഭൗതികസുഖവും മാത്രം ലക്ഷ്യമാക്കി ധനം സമ്പാദിക്കാൻ ശ്രിമിക്കുന്നവർക്ക് അതിനു വേണ്ടി ഏതൊരു മാർഗ്ഗം സ്വീകരിക്കുന്നതിനും യതൊരു മടിയുമുണ്ടാവുകയില്ല. യാതൊരു പശ്ചാത്താപവുമില്ലാതെ സ്വന്തം താൽപര്യത്തിനുവേണ്ടി വഞ്ചന ചെയ്യുന്ന ഇക്കൂട്ടർക്ക് സഹജീവികളോട് സ്നേഹമോ പരിഗണനയോ ഉണ്ടാവുകയില്ല. എത്ര സമ്പാദിച്ചാലും മനസ്സിനെ തൃപ്തിപ്പെടുത്താൻ സാധിക്കാതെ അവർ നശിച്ചു പോകുമ്പോഴും സമ്പാദിച്ചത് പോരാ എന്ന ദുഃഖം അവരെ അലട്ടിക്കൊണ്ടിരിക്കും.

പത്തു കിട്ടുകിൽ നൂറു മതിയെന്നും
ശതമാകിൽ സഹസ്രം മതിയെന്നും
ആശയായുള്ള പാശമിതേങ്കേന്നു
വേർവിടാതെ കരേറുന്നു മേൽക്കുമേൽ

ധനമോഹമായ കയറിൻെറ ബന്ധനത്തിൽ നിന്ന് അവർക്ക് മോചനമില്ല. തൻെറ ഭീമമായ ബാങ്കു ബാലൻസിൽ തെല്ല് കുറവുണ്ടായപ്പോൾ നിരാശനായി ആത്മഹത്യ ചെയ്ത ധനവാൻെറ കഥ നിങ്ങൾ കേട്ടു കാണും.

എണ്ണിയെണ്ണിക്കുറയുന്നിതായുസ്സും
മണ്ടിമണ്ടിക്കരേറുന്നു മോഹവും

പാമ്പിൻെറ വായിൽ അകപ്പെട്ടു പോയ തവള ഭക്ഷണത്തിനു മോഹിക്കുന്നതു പോലെയാണ് ജരാനരകൾ ബാധിച്ച് മരണം

ആസന്നമായിരിക്കുമ്പോഴും ധനമോഹത്തിൽ മുഴുകിയിരിക്കുന്നത്. എത്ര തന്നെ സമ്പാദിച്ചാലും ഈ ലോകത്തിൽ നിന്ന് യാത്ര തിരിക്കേണ്ടത് വെറും കയ്യോടെയാണെന്ന സത്യമെങ്കിലും അവർ മനസ്സിലാക്കിയിരുന്നെങ്കിൽ ധനത്തിനോടുള്ള ആർത്തിക്ക് അറുതി വരുത്താനും പരോപകാരം ചെയ്യാനും സാധിച്ചേനെ.

വിത്തത്തിലാശ പറ്റുക ഹേതുവായ്
സത്യത്തെ ത്യജിക്കുന്നു ചിലരഹോ
സത്യമെന്നതു ബ്രഹ്മമതു തന്നെ
സത്യമെന്നു കരുതുന്നു സത്തുക്കൾ

അത്യാഗ്രഹികളായ ദുഷ്ടന്മാരേയും സജ്ജനങ്ങളേയും താരതമ്യം ചെയ്തുകൊണ്ട് പൂന്താനം എന്താണ് സത്യമെന്നും സത്യത്തിൻെറ മാഹാത്മ്യമെന്തെന്നും വെളിപ്പെടുത്തുന്നു. അത്യാഗ്രഹികൾ സത്യത്തിന് യാതൊരു വിലയും കൽപിക്കാറില്ല. സഹോദരി സഹോദരന്മാരെ പോലും വഞ്ചിച്ച് കൃത്രിമ മാർഗ്ഗങ്ങളിലൂടെ പണം സമ്പാദിക്കുക എന്നതു മാത്രം ലക്ഷ്യമാക്കുമ്പോൾ അവർക്ക് സത്യത്തെ നിരാകരിക്കാനല്ലാതെ മാനിക്കാൻ സാധിക്കുകയില്ല. ധനം സമാഹരിക്കുന്നതാണ് ജീവിതവിജയമെന്ന് അവർ തെറ്റിദ്ധരിക്കുന്നു. സത്യം എന്നത് ബ്രഹ്മം (ഈശ്വരൻ) തന്നെയാണെന്നും ബ്രഹ്മം തന്നെയാണ് സത്യമെന്നും മഹത്തുക്കൾ മനസ്സിലാക്കുന്നു. ധർമ്മാനുഷ്ഠാനത്താൽ ഉണ്ടാകുന്ന ജീവിതവിജയമാണ് യഥാർത്ഥ ജീവിതവിജയമെന്നും സുഖത്തിൻെറ ഇരിപ്പിടം ധർമ്മമാണെന്നും അവർ തിരിച്ചറിയുന്നു. അധർമ്മം ദുഃഖകാരണവും ദുഷ്കീർത്തികരവുമാണ്. സത്യമെന്തെന്നറിയാതെ സത്യത്തിൽ നിന്ന് അകന്നകന്നു പോകുന്നവരെക്കണ്ട് പൂന്താനം പറയുന്നു:

അറിവുള്ള മഹത്തുക്കളുണ്ടൊരു
പരമാർത്ഥമരുൾ ചെയ്തിരിക്കുന്നു,

നാരായണഗുരു പറയുന്നതു ശ്രദ്ധിക്കൂ,

'നീ സത്യം ജ്ഞാനമാനന്ദം,
നീ തന്നെ വർത്തമാനവും,
ഭൂതവും ഭാവിയും വേറല്ലോ-
തുമൊഴിയുമോർക്കിൽ നീ

സത്യത്തെ മറന്ന് ധനത്തിനുവേണ്ടി പരസ്പരം മത്സരിക്കുകയും മറ്റുള്ളവരെ ചതിക്കാൻ കെണികൾ ഒരുക്കുകയും ചെയ്യുന്നവർ പുന്താനത്തിൻെറ താഴെ കൊടുത്തിരിക്കുന്ന ചോദ്യത്തിന് കാതോർക്കുകയും അതിൽ അന്തർലീനമായിരിക്കുന്ന കവിയുടെ താൽപര്യം മാനസ്സിലാക്കുകയും ചെയ്യേണ്ടതാണ്.

കൂടിയല്ലാ പിറക്കുന്ന നേരത്ത്
കൂടിയല്ലാ മരിക്കുന്ന നേരത്ത്
മദ്ധ്യേയിങ്ങനെ കാണുന്ന നേരത്ത്
മത്സരിക്കുന്നതെന്തിനു നാം വൃഥാ?

വസുധൈവ കുടുമ്പകം എന്ന സങ്കൽപം യാഥാർത്ഥ്യമാക്കിയാൽ ഈ മത്സരങ്ങൾക്ക് സ്ഥാനവും പ്രസക്തിയുമില്ലാതാകും. പുന്താനം തുടർന്നു ചോദിക്കുന്നു,

അർത്ഥമോ പുർഷാർത്ഥമിരിക്കവേ
അർത്ഥത്തിന്നു കൊതിക്കുന്നതെന്തു നാം?
മദ്ധ്യാഹ്നർക്കപ്രകാശമിരിക്കവേ
ഖദ്യോതത്തേയോ മാനിച്ചു കൊള്ളേണ്ടു?

മിന്നുന്ന സൂര്യൻ വിളങ്ങുന്ന സമയത്ത് മിന്നാമിനുങ്ങിന് ശോഭയുണ്ടോ എന്ന് പഴമൊഴി. അറിവിലൂടേയും അനുഭവങ്ങളിലൂടേയും ആത്മസാക്ഷാത്ക്കാരം നേടുന്നതിനെ പുർഷാർത്ഥസിദ്ധി എന്നു പറയുന്നു. പുരുഷാർത്ഥങ്ങൾ നാലെങ്കിലും അവയിൽ പരമമായത് മോക്ഷമാണ് - അനന്തവും അനശ്വരവുമായ സുഖാനുഭൂതി നൽകുന്ന അവസ്ഥ. ആ സുഖത്തിനു വേണ്ടി ജീവിതദർശനത്തെ ചിട്ടപ്പെടുത്താതെ നശിച്ചു പോകുന്ന ധനത്തിനു വേണ്ടി ആർത്തി കാണിക്കുന്നതെന്തിന്. ഇരുട്ടും വെളിച്ചവുമെന്ന പോലെ ലൗകികജീവിതത്തിൽ സത്യവും അസത്യവും, ധർമ്മവും അധർമ്മവും, ശിഷ്ടതയും ദുഷ്ടതയും, മിത്രതയും ശത്രുതയും, ഹിംസയും അഹിംസയും ഇടകലർന്നിരിക്കുന്നു. അവയെ തിരിച്ചറിഞ്ഞ് ശരിയായത് തെരഞ്ഞെടുക്കുമ്പോഴാണ് ജീവിതദർശനം നേർവഴിക്കാകുന്നത്. അതുകൊണ്ട് പുരുഷാർത്ഥം ആഗ്രഹിക്കുന്നവർ നേരായ മാർഗ്ഗത്തിലൂടെ പണം സമ്പാദിക്കുകയും ആഗ്രഹങ്ങൾ നിവൃത്തിക്കുകയും വേണം. സജ്ജനങ്ങളെ കാണുന്ന നേരത്ത് ലജ്ജകൂടാതെ വീണു നമസ്കരിക്കണം. 'പാരിലിങ്ങനെ സഞ്ചരിച്ചീടുമ്പോൾ പ്രാരബ്ധങ്ങളശേഷമൊഴിഞ്ഞിടും' എന്ന് പൂന്താനം പറയുന്നു. എല്ലാ കെട്ടുപാടുകളിൽ നിന്ന് മോചിതരായി സർവ്വവും ഈശ്വരനിൽ സമർപ്പിക്കുന്ന അർപ്പണ മനോഭാവം പുരുഷാർത്ഥത്തിലേക്ക് വഴിയൊരുക്കുന്നു.

പ്രൗഢമായ ജീവിതദർശനം മഹത്തായ ആത്മബലമാണ്. അതു ചുറ്റുപാടും സൗരഭ്യം പരത്തുന്ന സുഗന്ധപുഷ്പം പോലെ നമുക്കും മറ്റുള്ളവർക്കും നന്മയുളവാക്കുന്നു. നശ്വരമായ ഭൗതികവസ്തുക്കൾക്കു പിന്നാലെ പോയി സമയം പാഴക്കാതെ അനശ്വരമായ പരമപുരുഷാർത്ഥമായ മോക്ഷം നേടാനായി പരിശ്രമിച്ച് ജീവിതദശനം അന്വർത്ഥമാക്കാനുള്ള പുന്താനത്തിൻെറ ആഹ്വാനം വിലപ്പെട്ടതാണെന്ന് എല്ലാവരും മനസ്സിലാക്കുമെന്ന് കരുതുന്നു.

(അവസാനിച്ചു)